**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2822 | 27.01.2014 - ൽ മറുപടിക്ക്

## സ്ത്രീപീഡന പരാതി പരിഹാര സെൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. എ. വാഹീദ് | | ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഹെഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് സ്ത്രീ പീഡന പരാതി പരിഹാര സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇല്ലെങ്കിൽ പരാതി പരിഹാര സെൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (ബി) | ചോദ്യം ഉദിക്കുന്നില്ല. |
| (സി) | ഹെഡ് ഓഫീസിലും ജില്ലാ ഓഫീസുകളിലും ജോലി ചെയ്യുന്ന സ്ത്രീ ജീവനക്കാർക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകുമോ ? | (സി) | ഒരു പരാതി ലഭിച്ചിട്ടുണ്ട്. കെ.എസ്.ബി.സി.ഡി.സി ഇടുക്കി ജില്ലാ ഓഫീസിലെ അപ്രന്റീസ് ട്രെയിനി ആയിരുന്ന കുമാരി ഷൈനി സെബാസ്റ്റ്യൻ പ്രസ്തുത ഓഫീസിലെ വാച്ച്മാനായ ശ്രീ. വിജയകുമാർ, കെ. എസ്സ്. നെതിരെ ഇടുക്കി ജില്ലാ മാനേജർക്ക് നൽകിയ പരാതി 19.07.2010-ൽ സ്ത്രീ പീഡന പരാതി പരിഹാര സെൽ കമ്മിറ്റി ചെയർപേഴ്സന് നൽകുകയും ടി കമ്മിറ്റി 16/08/2010-ൽ ഇടുക്കി ജില്ലാ ഓഫീസിൽ വെച്ച് കൂടുകയും ചെയ്തു. ടി കമ്മിറ്റി മുമ്പാകെ ശ്രീ. വിജയകുമാർ തനിക്കെതിരെയുള്ള ആരോപണങ്ങൾ നിഷേധിക്കുകയും, കുമാരി ഷൈനി സെബാസ്റ്റ്യൻ പരാതി പിൻവലിക്കുന്ന തായി എഴുതി നൽകുകയും ചെയ്തതിനാൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

Vijay

സെക്ഷൻ ഓഫീസർ